Draft #3 of File 16981/CBCSS3 SO/2019/CBCSS 3 Approved by ASSISTANT REGISTRAR XV (EXAM) on 02-Sep-2019 09:54 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെമസ്റ്റർ ഇമ്പ്രൂവ്മെന്റ് -CBCSS പരീക്ഷാ -(2009 -2012 അഡ്മിഷൻ )-ഏതെങ്കിലും 10 വിഷയം വരെ ഇമ്പ്രൂവ് ചെയ്ത് CGPA ഗ്രേഡ് 1 .5 ആയി ഉയർത്താനുള്ള തീരുമാനം-അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സി ബി സി എസ് എസ് 3 സെക്ഷൻ**

നമ്പർ. 4224/CBCSS 3/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 03.09.2019

---

പരാമർശം:-1. സർവ്വകലാശാലാ ഉത്തരവ് നമ്പർ 821/ ഇ.എ II / 2 / 212 /പരീക്ഷ 2 .2 2018

2. 30.4 .2019 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ 47 /19.02 / 182320

3. 2019 ആഗസ്റ്റ് 6 ന് നടന്ന സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപ സമിതി യോഗ നടപടി ക്രമത്തിലെ

ഇനം നമ്പർ DDFS -16981 / 2019

**ഉത്തരവ്**

2009 മുതൽ 2012 വരെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം (CBCSS ) രീതിയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് എല്ലാ സെമെസ്റ്ററിലേയും എല്ലാ വിഷയങ്ങൾ വിജയിച്ചാലും CGPA 1.5 ലഭിച്ചില്ലെങ്കിൽ സെമസ്റ്റർ ഇമ്പ്രൂവ്മെന്റ് വഴി SGPA സ്കോർ മെച്ചപ്പെടുത്തി CGPA 1.5 നേടിയെങ്കിൽ മാത്രമേ ഡിഗ്രി വിജയിച്ചതായി കണക്കാക്കിരുന്നുള്ളു .എന്നാൽ ഇതിനു പകരമായി വിദ്യാർത്ഥികളുടെ ചോയ്സ് അനുസരിച്ച് ഏതെങ്കിലും 10 വിഷയം വരെ, വിവിധ സെമെസ്റ്ററുകളിൽ പരീക്ഷ എഴുതി ഗ്രേഡ് ഇമ്പ്രൂവ് ചെയ്യാൻ അനുവദിക്കുന്ന 8.2.2017 ,ലെ അദാലത്തിലെ തീരുമാനമനുസരിച്ച് പരാമർശം 1 ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

എന്നാൽ ഇത്തരത്തിലെ മാറ്റം പ്രായോഗികമായി നടത്താൻ സാധിക്കാത്ത സാഹചര്യം ചൂണ്ടിക്കാട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ വൈസ് ചാൻസിലർക്കു കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതിയ രീതിയിലുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുണ്ടായില്ല. അദാലത്തിലെ തീരുമാനം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉചിതമായ തീരുമാനത്തിനായി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കാൻ വൈസ് ചാൻസിലർ 3 .10 .2018 ഇൽ ഉത്തരവിടുകയുണ്ടായി .

പരാമർശം 2 ലെ സിൻഡിക്കേറ്റ് യോഗം ഈ വിഷയം പരിഗണിക്കുകയും നിലവിലെ രീതിയായ സെമെസ്റ്ററിലെ എല്ലാ പരീക്ഷകളും വിജയിച്ച് 1.5 CGPA നേടുന്നതിന് പകരം വിദ്യാർത്ഥികൾക്ക് ഏതെങ്കിലും 10 പേപ്പർ വരെ ചോയ്സ് അനുവദിച്ച് എഴുതി 1.5 CGPA നേടുന്നത് അനുവദിക്കാൻ തീരുമാനിച്ചു.

എന്നാൽ ചില കാര്യങ്ങളിൽ സ്പഷ്ടത വരുത്തിന്നതിനായി വിഷയം ഒരിക്കൽ കൂടി സിൻഡിക്കേറ്റിന്റെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരിഗണനയ്ക്ക് സമർപ്പിക്കാൻ വൈസ് ചാൻസിലർ 19.6.2019 ഇൽ ഉത്തരവിടുകയുണ്ടായി. പരാമർശം 3 ലെ സിൻഡിക്കേറ്റിന്റെ പരീക്ഷ സംബന്ധിച്ച ഉപസമിതി പരാമർശം 2 ലെ (30.4 .2019) ലെ സിൻഡിക്കേറ്റ് തീരുമാനം അതായത് ഏതെങ്കിലും 10 വിഷയങ്ങൾ വരെ എഴുതി CGPA 1.5 ആയി മെച്ചപ്പെടുത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന തീരുമാനം നടപ്പിലാക്കുവാൻ ശുപാർശ ചെയ്യുകയും ,മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 ലെ വകുപ്പ് 3.10 (17 ) പ്രകാരം വൈസ് ചാൻസിലർ 16.8.2019 ന അംഗീകാരം നൽകുകയുമുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

അജിത് കുമാർ കെ

അസിസ്റ്റന്റ് രജിസ്ട്രാർ 15 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 .രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി .എ മാർ
3 .ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം /പരീക്ഷാ )
4 .ഡെപ്യൂട്ടി രജിസ്ട്രാർ IV/V / അസിസ്റ്റന്റ് രജിസ്ട്രാർ XV / XI
5 .സിസ്റ്റം അഡ്മിനിസ്ട്രേറ്റർ /കൺടെന്റ് മാനേജ്മെന്റ്
6 .സി ഇ സെക്ഷൻ /എ. സി. സി
7 .സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 16981/CBCSS3 SO/2019/CBCSS 3 Approved by ASSISTANT REGISTRAR XV (EXAM) on 02-Sep-2019 09:54 PM - Page 2